പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6701 — 01.11.2011- ലെ മറുപടി

## ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

ചോദ്യം — ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി — ശ്രീ. വി. എസ്. ശിവകുമാർ, ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്) ഉൾപ്പെടെയുള്ള ഐ.ടി. അധിഷ്ഠിത സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് യാത്രക്കാർക്ക് കൂടുതൽ ലഭ്യമാകുക ; | (ബി) | 1). ബസ്സിനുള്ളിൽ ഘടിപ്പിക്കുവാൻ കഴിയുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ് കടന്നുപോകുന്ന സ്ഥലവും ബസ് അടുത്ത ബസ് സ്റ്റേഷനിൽ എത്തുന്ന സമയവും കൃത്യമായി യാത്രക്കാരന് അറിയാൻ കഴിയും.<br><br>2). ഡിപ്പോയിൽ സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ്സുകളുടെ പോക്കുവരവ് സംബന്ധിച്ച യഥാർത്ഥ സമയവിവരം സാറ്റലൈറ്റിന്റെ സഹായത്താൽ ജി.പി.എസ്സി.ലൂടെ ലഭ്യമാക്കാനാകും.<br><br>3). ഇന്റർനെറ്റ് മുഖേനയും, എസ്.എം.എസ്. മുഖേനയും യാത്രക്കാർക്ക് ബസ്സിന്റെ പോക്കുവരവ് real time ആയി മനസ്സിലാക്കാൻ കഴിയും.<br><br>4). കണ്ടക്ടറുടെ കൈവശമുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുമായി ബന്ധിപ്പിച്ച് ബസ്സിലെ യാത്രക്കാരുടെ എണ്ണം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുവാനും അതിലൂടെ സീറ്റിന്റെ ലഭ്യത അറിയുവാനും കഴിയും.<br><br>5). ബസ്സിന്റെ വേഗതയും ഡിപ്പോയിൽ കൂടി കടന്നുപോകുന്ന സമയവും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കഴിയുന്നതിനാൽ യാത്രക്കാർക്ക് സുരക്ഷിതവും കൃത്യതയും പാലിക്കുന്ന സേവനം ലഭ്യമാക്കാൻ കഴിയും. |
| (സി) | ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; പദ്ധതി നടപ്പാക്കാൻ എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ ; | (സി) | ജി.പി.എസ്.സംവിധാനം രണ്ട് വിധത്തിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തുറന്ന ദർഘാസിലൂടെ മുഴുവൻ ചെലവും വഹിക്കുന്ന നടത്തിപ്പുകാരെ കണ്ടെത്തി കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക ബാദ്ധ്യതയില്ലാത്ത തരത്തിലും ഓരോ ബസ്സിനും നിശ്ചിത തുക കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കത്തക്ക തരത്തിലും നടപ്പിലാക്കുന്നതാണ് ഒരു രീതി. ഇതിനായി ബസ്സിനുള്ളിലും, ബസ് സ്റ്റേഷനിലും ഡിസ്പ്ലേ ബോർഡിലൂടെ വ്യാവസായിക പരസ്യം നൽകുന്നതിനുള്ള അവകാശം നിയന്ത്രണങ്ങൾക്ക് വിധേയമായി നടത്തിപ്പുകാരന് നൽകുന്നതാണ്. കൂടാതെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ **Central Assistance for Strengthening Public Transport System in the Country** എന്ന സ്കീമിൽ ഉൾപ്പെടുത്തി 500 ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഉൾപ്പെടുത്താനും പദ്ധതിയുണ്ട്. ഈ രണ്ട് സ്കീമിന്റെയും നടത്തിപ്പിലുള്ള സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി കമ്പനികളുടെ **Expression of Interest** വിളിച്ചിരിക്കുകയാണ്. അവ പരിശോധിച്ചശേഷം മാത്രമേ ചെലവുകളെ സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കുന്ന കാര്യം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (ഡി) | ഇപ്പോൾ വിളിച്ചിരിക്കുന്ന Expression of Interest പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| (ഇ) | ഏതെങ്കിലും ഏജൻസികൾ പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (ഇ) | പല ഏജൻസികളും മുന്നോട്ട് വരുന്നുണ്ടെങ്കിലും Expression of Interest പരിശോധിച്ചശേഷമേ നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ